# Index


Vicar's Message.......................................................... 2

Managing Committee Members 2014 ............................... 4

Announcements.......................................................... 6

Bible Crossword ........................................................ 8

Bible Quiz Answers .................................................. 10

New Members ........................................................... 11

Events Photos.......................................................... 12




# Vicar's Message



2013 നോട് എന്നേയ്ക്കുമായി വിടപറഞ്ഞുകൊണ്ട്, 2014 ലേക്ക് നാം പ്രതീക്ഷയോടെയും പ്രാർത്ഥനയോടെയും പ്രവേശിക്കുന്ന ഈ മനോഹര നിമിഷങ്ങളിൽ, ഇതുവരെയും നമ്മെ കൺമണിപോലെ കാത്തുപരിപാലിച്ച സ്വർഗ്ഗീയ പിതാവിനെ നമുക്ക് നന്ദിനിറഞ്ഞ ഹൃദയത്തോടെ മഹത്വപ്പെടുത്താം. ജീവിതത്തിൽ ഒരുവർഷം പിന്നിടുന്നതോടൊപ്പം നമ്മുടെ അന്ത്യത്തോടും കർത്താവിന്റെ രണ്ടാംവരവിനോടും നാം അല്പം കൂടെ അടുത്തു വന്നിരിക്കുകയുമാണ്. ഈ പുതുവത്സരത്തിൽ നാം കൈക്കൊള്ളുന്ന പുതിയ തീരുമാനങ്ങൾ എന്തൊക്കെയാണ്? ‘‘കർത്താവിന്റെ എതിരേല്പിനായി നമ്മെത്തന്നെ ഒരുക്കും’’ എന്ന വിധിനിർണ്ണായകമായ കാര്യത്തിന് ഈ വർഷമെങ്കിലും നമ്മുടെ തീരുമാനങ്ങളിൽ പ്രഥമസ്ഥാനം നല്കുമോ?

ഇനി ഒരു പുതുവത്സരം അനുഭവിക്കുവാനും ആശംസിക്കുവാനും നമുക്ക് അവസരം ലഭിക്കുമെന്ന് എന്ത് ഉറപ്പാണുള്ളത്? എന്നാൽ, സമയവും കാലവും അനിശ്ചിതമെങ്കിലും മനുഷ്യപുത്രന്റെ വരവും നമ്മുടെ ഈ ലോകവേർപാടും സുനിശ്ചിതമാണ്. ആകയാൽ എല്ലായ്പ്പോഴും ഒരുങ്ങിയിരിക്കണം, വിശുദ്ധിയിലും ജാഗ്രതയിലും ഉണർന്നിരുന്ന് പ്രാർത്ഥിക്കുന്നവരായിരിക്കണം. തുടർച്ചയായുള്ള ഉണർന്നിരിപ്പും ജാഗ്രതയും ക്രിസ്തു, നമ്മിൽ നിന്നും ആഗ്രഹിക്കുന്നു. നമ്മെ ദൈവം ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളിൽ നാം കാണിക്കുന്ന അർപ്പണ ബുദ്ധിയാണ് ഈ ജാഗരൂകത. ഈ ആയുസ്സിൽ ചെയ്തുതീർക്കേണ്ട പുണ്യപ്രവർത്തികളുമെല്ലാം ഇതിൽ ഉൾപ്പെടും. നന്മ ചെയ്തുകൊണ്ട്, എപ്പോഴും വിശ്വസ്തതയോടെ യേശുവിനെ അനുഗമിക്കുന്നവർ രക്ഷാകരമായ പാതയിലാണ് ചരിക്കുന്നത്.

കർത്താവിന്റെ 2-ാം വരവിന്റെയും ലോകാവസാനത്തിന്റേയും ലക്ഷണമായി തിരുവചനം നൽകുന്ന ഒരടയാളം ‘‘ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്ത് കാണപ്പെടുക’’ എന്നതാണ്. ഏററവും വിശുദ്ധമായ ഇടം കളങ്കപ്പെടുക. പിന്നെ ഒന്നിനും നിലനില്പുണ്ടാവുകയില്ല, എല്ലാററിന്റെയും അന്ത്യം ആയിരിക്കും സംഭവിക്കുക’’ സമൂഹം ആയാലും കൂട്ടായ്മ ആയാലും ഭവനമായാലും വിശുദ്ധമായ ഇടം അശുദ്ധമാകാൻ തുടങ്ങിയാൽ എല്ലാം വിനാശത്തിന്റെ വക്കിലാണ് എന്ന് തിരിച്ചറിയണം.

ഇസ്രായേൽ ജനതയുടെ അശുദ്ധിയും അകൃത്യവും നിമിത്തം ദൈവാലയം മലിനമാവുകയും അത് തകർക്കപ്പെടുകയും ചെയ്തു. ദൈവ മനുഷ്യബന്ധത്തിൽ ഉലച്ചിൽ ഉണ്ടായപ്പോൾ ജനത്തിന്റെ അടിത്തറ ഇളകി, അവർ ചിതറിപ്പോയി. നമ്മുടെ വളർച്ചയും വിനാശവും ആരാധനാലയത്തിന്റെ വിശുദ്ധിയുമായി ബന്ധപ്പെട്ടാണിരിക്കുന്നത് എന്നതിനാൽ ദൈവാലയത്തിന്റെ മൂല്യം തിരിച്ചറിഞ്ഞ് വിശുദ്ധസ്ഥലം മലിനമാകാതെ വിശുദ്ധിയിൽ സൂക്ഷിക്കണം. ദൈവാലയം മാത്രമല്ല, ക്രിസ്ത്യാനിയുടെ ഭവനവും പ്രവർത്തനമേഖലകളും കുടുംബ ജീവിതവും വിശുദ്ധമായിരിക്കണം. അശുദ്ധലക്ഷണങ്ങൾ ഇവയിൽ തല ഉയർത്തിയാൽ അവ നാശത്തിന്റെ വക്കിലാകും. ദാമ്പത്യ ബന്ധത്തിലെ വിശ്വസ്തതക്കു കോട്ടംതട്ടുമ്പോഴും സഹോദരസ്നേഹം പടി ഇറങ്ങുമ്പോഴും വൃദ്ധമാതാപിതാക്കൾ അവഗണിക്കപ്പെടുമ്പോഴും, അവയൊക്കെ വിനാശത്തിന്റെ അശുദ്ധലക്ഷണങ്ങളാണെന്ന് തിരിച്ചറിയാനാകണം. നോഹയുടെ കാലംപോലെ മനുഷ്യപുത്രന്റെ വരവും ആകും. നോഹയുടെ കാലത്ത് തീററയും കുടിയും ധാർമ്മീക അധ:പതനവുമൊക്കെ ഗംഭീരമായി മുന്നേ



January.indd 2 31-Dec-13 2:00:49 AM

റി... പ്രാർത്ഥനയും ആത്മീയതയും അവഗണിക്കപ്പെട്ടു. വിവാഹജീവിത പരിപാവനത കള ഞ്ഞുകുളിച്ചു, നീതിമാന്റെ വാക്കുകൾക്ക് ആരും ചെവികൊടുത്തില്ല. അനന്തരഫലം ഭയാ നകമായിരുന്നു എന്ന് തിരുവചനം സാക്ഷിക്കുന്നു.

ദൈവാത്മാവു വസിക്കുന്ന ആലയങ്ങളാണ് നമ്മുടെ ശരീരവും ഹൃദയവും എന്ന തിരി ച്ചറിവ് (1 കൊരിന്ത്യർ 3:16, കൊലോസ്സ്യർ 1:27, റോമർ 12:1). നമ്മെ കൂടുതൽ കാമ്പ് ഉള്ള വരാക്കണം. അശുദ്ധ ലക്ഷണങ്ങൾ അവിടെ തെളിയാനിടയായാൽ സൂക്ഷിക്കുക! നാശം അകലെയല്ല.

പുതുവർഷപുലരി പുതുസമർപ്പണത്തിലേക്കും വിശുദ്ധീകരണത്തിലേക്കും നമ്മെ നയി ക്കട്ടെ. അതിശയങ്ങൾ നിറഞ്ഞ നല്ല നാളെയെകുറിച്ചുള്ള പ്രതീക്ഷകൾ മനസ്സിൽ സൂക്ഷി ക്കുമ്പോഴും ഭാവിയെക്കുറിച്ചുള്ള ആശങ്കകളും ഇല്ലാതില്ല. യോശുവ ഇസ്രായേൽ ജനത്തെ ശക്തീകരിക്കുവാനായി നൽകുന്ന സന്ദേശം ഇത്തരുണത്തിൽ നമുക്കും ബാധകമാണ്, പ്ര സക്തമാണ്. ''നിങ്ങളെതന്നേ ശുദ്ധീകരിപ്പീൻ, യഹോവ നാളെ നിങ്ങളുടെ ഇടയിൽ അതി ശയം പ്രവർത്തിക്കും'' നാളെ, അതിശയങ്ങളും അനുഗ്രഹങ്ങളും നിറഞ്ഞതാകണമെങ്കിൽ ഇന്ന് നമ്മേത്തന്നെ ശുദ്ധീകരിക്കേണ്ടിയിരിക്കുന്നു. അടിപൊളിജീവിതം, ആവോളം സുഖം തുടങ്ങിയ ലൗകീക വ്യാമോഹങ്ങളുടെ പിന്നാലെ പരക്കംപായുന്ന മനുഷ്യർ മരണാന ന്തര ജീവിതത്തെക്കുറിച്ചും മരണാനന്തരം ദൈവത്തോടൊപ്പം ആയിരിക്കണമെങ്കിൽ ഈ ലോകജീവിതം ദൈവോന്മുഖമായി ക്രമീകരിക്കണമെന്നുമുള്ള വസ്തുതകൾ മറന്നുപോ കുന്നു.

ഓരോ ദിനവും ദൈവേഷ്ടം അന്വേഷിച്ചറിയുമെന്നും ദൈവഹിതത്തിനായി നമ്മെത്തന്നെ സമർപ്പിക്കുമെന്നും ഒരു നവവത്സര തീരുമാനം എടുക്കാം. എന്റെ ഇഹലോകജീവിതത്തിലെ അവസാന ദിനം ഒരുപക്ഷെ ഇന്നായിരിക്കാം എന്ന് ചിന്തിക്കുന്നവന്റെ നെഞ്ചിടിപ്പും ശ്വാസ നിശ്വാസങ്ങളും പ്രാർത്ഥനാമഞ്ജരികളായി രൂപപ്പെടാതിരിക്കില്ല. കർത്താവിന്റെ വരവിനെ കുറിച്ചും നമ്മുടെ ശാരീരിക മരണത്തെക്കുറിച്ചുമുള്ള ബോധ്യം, പ്രാർത്ഥനാവേളകളെ ഹൃദ്യവും ഊർജ്ജസ്വലവുമാക്കുവാൻ കുറച്ചൊന്നുമല്ല സഹായിക്കുക.

ആകയാൽ ഈ പുതുവത്സരത്തെ കർത്താവിന്റെ രണ്ടാംവരവിനെക്കുറിച്ചുള്ള ചിന്തകളാൽ നമുക്ക് ധന്യമാക്കാം. ഒരുങ്ങിയിരിക്കുന്ന തന്റെ വ്രതന്മാരെ നാലുദിക്കിൽ നിന്നും മനു ഷ്യപുത്രൻ കൂട്ടിചേർക്കുമ്പോൾ നീയും ആ ഗണത്തിൽ ഉൾപ്പെടുമോ? തോന്നുന്നപോലെ എങ്ങിനെയെങ്കിലും ജീവിച്ചുതള്ളാനുള്ളതല്ല ജീവിതം, ദൈവത്തിനും മനുഷ്യർക്കും പ്രീ തികരമാംവിധം ജീവിക്കാനുള്ളതാണ്. ഇനിയുള്ള ജീവിതം, കർത്താവിനെ പ്രസാദിപ്പിച്ചു കൊണ്ട്, കർത്താവിനെ എതിരേല്പാനായി നമ്മെത്തന്നെ ഒരുക്കിക്കൊണ്ട് ജീവിക്കുമെന്ന് ഈ പുതുവത്സരത്തിൽ നമുക്ക് ഒരു പുതിയ തീരുമാനം എടുക്കാം. സ്വർഗ്ഗം സന്തോഷി ക്കുന്ന ഈ തീരുമാനത്തിൽ നിലനില്പാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായി ക്കട്ടെ.

എല്ലാവർക്കും ദൈവകൃപനിറഞ്ഞ പുതുവത്സരം പ്രാർത്ഥനാപൂർവ്വം ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,
ക്രിസ്തുയേശുവിൽ,
നിങ്ങളുടെ ബെന്നിയച്ചൻ.



January.indd 3 31-Dec-13 2:00:49 AM

# Managing Committee Members 2014

**President**



Fr. Benny Abraham

| Vice-President | Secretary | Treasurer | Joint-Secretary |
|---|---|---|---|
|  |  |  |  |
| Jacob T.V. | Kurien K.M. | Prajeesh J. Tharakan | Mathew Varkey |

## Committee Members

**Ex-Officio**

| | | | |
|---|---|---|---|
|  |  |  |  |
| Anson P. Issac | Alex John | Biju Varghese | Shaj Babu |

## Auditors

**Librarian**

| | | |
|---|---|---|
|  |  |  |
| Benny T. Jacob | Sunil Chackochan | Varghese C.T. |

**“Give thanks to the LORD, for he is good; his love endures forever. (1 Chronicles 16:34)”**

പ്രിയപ്പെട്ട വിശ്വാസികളേ,

കഴിഞ്ഞ ഒരു വർഷക്കാലം നമ്മുടെ ദേവാലയത്തിൽ ശുശ്രൂഷിക്കുവാൻ അവസരം തന്നതിന് ആദ്യമായി കർത്താവിനോട് നന്ദി പറയുന്നു. ഈ കാലയളവിലെ കമ്മറ്റിയുടെ പ്രവർത്തനങ്ങൾ നിങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ചായിരുന്നു എന്നു പ്രത്യാശിക്കുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് എപ്പോഴും ഉത്തേജനമായിരുന്നത് നിങ്ങളോരോരുത്തരുടേയും അകമഴിഞ്ഞ പിന്തുണയും, പ്രോത്സാഹനവും, അതിനേക്കാളുപരി പ്രാർത്ഥനയുമായിരുന്നു. ആ പിന്തുണയ്ക്കും, പ്രോത്സാഹനത്തിനും, പ്രാർത്ഥനയ്ക്കും നിങ്ങളോരോരുത്തരോടും ഞങ്ങളെന്നും കടപ്പെട്ടിരിക്കുന്നു.

വളരെ അനുഗ്രഹകരമായിരുന്ന ഈ കാലയളവിൽ ഞങ്ങളുടെ പ്രവർത്തനങ്ങളിൽ തെറ്റുകുറ്റങ്ങളും കുറവുകളും ഉണ്ടായിരിന്നിരിക്കാം. മനപ്പൂർവ്വമോ അല്ലാതെയോ വന്ന ഈ തെറ്റുകുറ്റങ്ങൾ നിങ്ങൾ പൂർണ്ണമനസ്സോടെ ക്ഷമിക്കുമെന്നെനിക്കുറപ്പുണ്ട്. ഒരിക്കൽ കൂടി നിങ്ങളോരോരുത്തരോടുമുള്ള നിസ്സീമമായ നന്ദി അറിയിച്ചു കൊണ്ടും പുതുവർഷത്തിലെ കമ്മറ്റിക്ക് എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്തു കൊണ്ടും ഞാൻ നിറുത്തട്ടെ.

എല്ലാവർക്കും നന്മയുടേയും ഐശ്വര്യത്തിന്റെയും ഒരു പുതുവർഷം ആശംസിക്കുകയും അതിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനയോടെ,

ഷാജ് ബാബു
സെക്രട്ടറി - 2013





January.indd 5 31-Dec-13 2:00:51 AM

# Announcements

| | | |
|---|---|---|
| January 1 (Wednesday) | - | KCEC Christmas and New Year celebrations at Indian School Isa Town Campus at 4 pm. |
| January 5 (Sunday) | - | ദനഹാ പെരുന്നാൾ (6:30 pm) |
| January 26 (Sunday) | - | പരി. പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയുടെ ഓർമ്മ |

## New Born

Baby Girl to Paulson P.V & Shelly Paulson

Baby Boy to Tina Mathew & Tony Nellicken

## അനുശോചനം

നമ്മുടെ ഇടവകാംഗമായ ശ്രീ. പി. പി. എൽദോയുടേയും, ശ്രീ. ലിജോ സി. ജോയിയുടേയും ഭാര്യാമാതാവും, ശ്രീ. എൽദോ യാക്കൂബിന്റെ grandmother-ഉം കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസനസമേതമറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തന്നതോടൊപ്പം, പരേതരുടെ ആത്മ ശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.



January.indd 6 31-Dec-13 2:00:51 AM

# Happy Birthday




**Richa Rechal**
1st Birthday on 04.01.2014

**Noah Vinod**
4th Birthday on 16.11.2013



**Deo Saji**
6th Birthday on
28.01.2014

# Are You Bible Literate?
# Bible Crossword #1 January 2014




**Across:**

1- Cain's occupation
5- The ______________ of Eden
6- Adam and Eve's first clothes
9- Because of sin the ground was _______________
11- Abel's occupation
13- Cain became a _____________ and a vagabond.

**Down:**

2- Adam's second son
3- Cain's first son
4- Adam's first son
6- Adam's third son
7- What creature tempted Eve
8- Cain lived in this land
10- First man
12- First woman

This is the First in the series of Bible crossword puzzles for 2014. Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 10 days after the release of the newsletter.

This contest is open to all Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students.

**Reference: The Book of Genesis Chapters 3 and 4.**



January.indd 8 31-Dec-13 2:00:51 AM

# Solution to December 2013 Bible Crossword

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | S | T | A | R |
| | | | | | | | | | | H | | N | |
| | | | | | | | | | | E | | G | |
| | | | | | | W | | B | | P | | E | |
| | | | | | J | O | S | E | P | H | | L | |
| | | | | | | R | | T | | E | | | |
| | | | | P | | S | | H | | R | O | O | M |
| | | M | Y | R | R | H | | L | | D | | | A |
| F | | A | | I | | I | | E | | S | | | R |
| I | N | N | | N | | P | | H | | | | | Y |
| E | | G | | C | | | P | E | A | C | E | | |
| L | | E | | E | | | | M | | | | | |
| D | | R | | | | | | | | | | | |

## *Winners of Bible Crossword December 2013*

1. Acsah Elizabeth Abraham
2. Anjana Mariam Roy
3. Aibel Rejan Varghese
4. Akhil Basil Paulose
5. Aneena Mary Abraham
6. Athira Sabu
7. Chithira Sabu
8. Christy Mary T.
9. Christin Paul
10. Dan Abraham
11. Elaine Agith
12. Flemy P. Eby
13. Jeeba C. Biju
14. Jibu Joseph Biju
15. Johann Agith
16. Liya Sara Joseph
17. Mahal Mani Ulahannan
18. Merlin Mary
19. Milan Mani Mathew
20. Sarah Laji
21. Sebine Scaria
22. Serene Scaria
23. Sneha Elsa Kuruvilla
24. Sofia C. Paul
25. Sharon Paul

***Congratulations.....***



January.indd 9 31-Dec-13 2:00:52 AM

## ക്വിസ്സ് നമ്പർ 9 - ഉത്തരം

1. സീയോൻ പുത്രി 4:13
2. യാക്കോബിന്റെ അതിക്രമം നിമിത്തവും യിസ്രായേൽ ഗൃഹത്തിന്റെ പാപവും നിമിത്തം 1:5.
3. മോശെയെയും, അഹരോനെയും, മിര്യാമിനെയും 6:4
4. പ്രവാചകരെക്കുറിച്ച് 3:5
5. പുതെപ്പു 2:8
6. ഭൂമി 7:13
7. ഏദെർ ഗോപുരം 4:8
8. ബേത്ഹേലം 5:2
9. അവന്റെ വീട്ടുകാർ തന്നെ 7:6
10. ബേത്ത് - അക്സീബിലെ (വ്യാജ ഗൃഹം) 1:14
11. കല്ദയരെ 1:6
12. വിഭ്രമരാം 3:1
13. ഒലിവ് 3:17
14. വീഞ്ഞ് 2:5
15. വക്രതയായി 1:4

## *Winners of Quiz No. 9*

Aleyamma Thomas
Bisy Eby
Elaine Agith
Elsy Abraham
Jessy Biju
Joji Susan Mani
Lali Chandy Joshua
Lissy Paulose

Mercy Abraham
Sezil Baby
Shaiby Baby
Sheeba Roy
Shelby Jacob



*Congrats.................*

Usha Achenkunju


January.indd 10 31-Dec-13 2:00:52 AM

# New Members



**Name: Giji John**
Address: Flat.35, Rd. 5617, Block. 356, Gufool
In India: Kulathinkarottu Putheveedu, Paranthal P.O
Pandalam, Pathamthitta - Dist
Tel: 39256590



**Name: Lijo George**
Address: Flat.1, Bldg. 82, Rd. 2148, Gudaibiya
In India: Vazhakkalayil House, Kuzhiyara Post
Chottanikkara, Ernakulam
Tel: 17832022



**Name: Ebin Eldhose**
Address: Flat.11, Bldg. 85, Manama
In India: Parambath House, Puthuppady Post.,
Perumattom, Muvattupuzha
Tel: 33043391



**Name: Eldho Kuriakose**
Address: Flat.12, Bldg. 226, Rd. 59, Budaiya
In India: Moonnupediackal House, Yordhanapuram Post
Thottakam, Kalady
Tel: 39370496



**Name: Shibin Abraham**
Address: Al Hayat Printing & Advertising, Salmabad
In India: Padinjarethil House, Chamampathal Post.,
Vazhoor, Kottayam
Tel: 32094678



**Name: Jubin V. Raj**
Address: Bldg. 1242, Rd. 5136, Askar
In India: Kulathumkarottu House,Vakayar P.O,
Konni, Pathanamthitta



January.indd 11 31-Dec-13 2:00:52 AM



**Name: Thomas Thampi Pottakkattil**
Address: Flat.11, Bldg. 384, Rd. 43, Block. 243, Arad
In India: Pottakkattil House, Vettickal Post
Mulanthuruthy, Ernakulam Dist
Tel: 39864462



**Name: Bintu Baby**
Address: Flat.12, Bldg. 2317, Rd. 237, Block. 302
In India: Vettakulath Bibin Villa, Njakkunilam (P.O)
Vallikode, Pathanamthitta
Tel: 34068491

# Photos





Church Calendar Release





Christmas Nercha Preparation



January.indd 12 31-Dec-13 2:00:56 AM

# Christmas Service













# Trimass





# Farewell Meeting to Rev. Fr. Monai K. Philip





# Christmas & New Year celebrations at our Church
















January.indd 14 31-Dec-13 2:01:18 AM



















January.indd 15 31-Dec-13 2:01:27 AM








## 1st Prize for Carol Song competition at Keraleeya Samajam






January.indd 16
31-Dec-13 2:01:34 AM